Item Code: 944 Participant Code: 122

# സർഗാത്മകതയുടെ ചിറകിലേറി

## ഉള്ളടക്കം

ആമുഖം

ഉണർത്താം.. ഉള്ളിലെ സർഗാത്മകതയെ

കല ഉത്സവമായി മാറുമ്പോൾ

സർഗാത്മകത നിറയുന്ന കലോത്സവ വേദികൾ

വാടാത്ത കലാ ഹൃദയങ്ങൾ

ആവേശത്തിന്റെ കെടാത്ത കനലുകൾ

കലോത്സവം : അനുഭവങ്ങളുടെ പാഠശാല

നല്ലൊരു നാളെയ്ക്കായി

കലോത്സവം പുതുദിശയിലേക്ക്

അറിവിന്റെയും നിറവിന്റെയും സംഗമ വേദി

ഉപസംഹാരം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വിഷയം:

സ്കൂൾ കലോത്സവവും സർഗാത്മകതയും

ആമുഖം

"ഒരു വ്യക്തിയുടെ ഉള്ളിലെ ഏറ്റവും നല്ലതിനെ വികസിപ്പിച്ചെടുക്കുന്നതാണ് വിദ്യാഭ്യാസം" ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യമെന്തെന്ന് വിളിച്ചോതുന്നു. ആധുനിക വിദ്യാഭ്യാസരീതി പുസ്തകപ്പുഴുക്കളെയല്ല അഭിലഷിക്കുന്നത് അതിനുമപ്പുറം ഒരു നല്ല വ്യക്തിത്വമുള്ളവരായി വിദ്യാർത്ഥികളെ രൂപപ്പെടുത്തുവാനാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ടു തന്നെ പാഠപുസ്തകത്തിനപ്പുറം തന്റെ സർഗാത്മക കഴിവുകളെ കുട്ടികൾ കണ്ടെത്തേണ്ടത് നാളെയുടെ അനിവാര്യതയാണ്. സർഗാത്മക ചിന്തകൾ ഉള്ള വ്യക്തികൾ മാത്രമേ സാമൂഹിക പുരോഗതിയിൽ സ്ഥാനം വഹിച്ചിട്ടുള്ളൂ.

## ഉണർത്താം... ഉള്ളിലെ സർഗാത്മകതയെ

എല്ലാ കുട്ടികളുടെയും ഉള്ളിൽ ഒട്ടേറെ കഴിവുകൾ മറഞ്ഞിരിപ്പുണ്ട്. ആരും ഈ ലോകത്ത് കഴിവില്ലാത്തവരായി ജനിക്കുന്നില്ല. അവയെ എത്രമാത്രം വളർത്തി വിജയത്തിൽ എത്തിക്കുന്നു എന്നതാണ് പ്രാധാന്യം. പലരും തന്റെ കഴിവുകളെ മൂടിവയ്ക്കാറാണ് പതിവ്. എന്നാൽ മാതാപിതാക്കളും ഗുരുഭൂതരും വേണം കുരുന്നുകളുടെ കഴിവുകൾ കണ്ടെത്തി വെള്ളവും വളവും നൽകി പരിപോഷിപ്പിക്കേണ്ടത്. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് തന്റെ കഴിവുകളെ വളർത്തേണ്ടത് വിദ്യാലയത്തിൽ നിന്നുമാണ്. സർഗാത്മകതയെ വിദ്യാഭ്യാസം വളർത്തുന്നില്ലെങ്കിൽ അത് വെറും വിദ്യയുടെ ആഭാസമായി മാറും. ലഭിക്കുന്ന അവസരങ്ങളെ നല്ല രീതിയിൽ ഉപയോഗിച്ച് ലക്ഷ്യം കൈവരിക്കുക എന്നത് വളരെ പ്രാധാന്യമുള്ളതാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

## കല ഉത്സവമായി മാറുമ്പോൾ

ഉത്സവങ്ങൾ എവർക്കും സന്തോഷം നൽകുന്ന അനുഭൂതിയാണ്. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ് സ്കൂൾ കലോത്സവങ്ങൾ. പലരും തങ്ങളുടെ ഉള്ളിൽ ഉറങ്ങികിടന്നിരുന്ന സർഗാത്മകതയെ തട്ടിയുണർത്തിയതും വേദിയിൽ പ്രഥമമായി അവതരിപ്പിച്ചതും കലോത്സവ വേദികളിൽ ആയിരിക്കും. 62-ാമത് കേരള സ്കൂൾ കലോത്സവം കൊല്ലം ജില്ലയിൽ നടത്തപ്പെടുമ്പോൾ കേരളത്തിന്റെ നാനാദിക്കുകളിൽ നിന്നുള്ള ഒട്ടനവധി യുവജന കലാപ്രേമികളാണ് വന്നെത്തുന്നത്. രചന, നൃത്തം, സംഗീതം, ചിത്രരചന... അങ്ങനെ നിരവധി ഇനങ്ങളാണ് കലോത്സവത്തിൽ ഉള്ളത്. കലയുടെ ഉത്സവം അരങ്ങേറുമ്പോൾ നാടും നാട്ടുകാരും യുവജനങ്ങളുടെ ഒപ്പം ആഘോഷിക്കുന്നു.

## സർഗാത്മക നിറയുന്ന കലോത്സവ വേദികൾ

ഒരു മത്സരബുദ്ധി കുട്ടികളിൽ ജനിപ്പിക്കുക എന്നതല്ല ഇതിലെ പ്രധാന കാര്യം. വിദ്യാർത്ഥികളുടെ കഴിവുകൾ മറ്റുള്ളവരുടെ മുൻപിൽ അവതരിപ്പിക്കാനും മികവിന്റെ കേന്ദ്രങ്ങളായി അവരെ പരിണമിപ്പിക്കുക എന്നതാണ്. "പ്രവൃത്തി വാക്കുകളെക്കാൾ വാചാലമാണ്". ഗോയ്ഥേയുടെ വാക്കുകളാണിവ. തനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്നു മുദ്ര കുത്തിയ സമൂഹത്തിനുള്ള പ്രഹരങ്ങളാണ് കലോത്സവ വേദിയിലെ ഉജ്ജ്വല പ്രകടനങ്ങൾ. മലയാള സിനിമയുടെ അഭിമാനമായ നവ്യനായർ, കാവ്യാ മാധവൻ തുടങ്ങി ഒട്ടനവധി മണിരത്നങ്ങൾ തകർത്താടി കൈയടി നേടിയ വേദികളാണ് കലോത്സവ വേദികൾ. ജയമോ തോൽവിയോ ഇവിടെ വിഷയമല്ല. ഇവിടെ ജയപരാജിതർ ഇല്ല. കലയെ സ്നേഹിച്ച് അതിനുവേണ്ടി യത്നിക്കുന്ന വിജയികൾ മാത്രം.

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: ..............................   Participant Code: 122

## വാടാത്ത കലാ ഹൃദയങ്ങൾ

ഒട്ടനവധി കടമ്പകൾ കടന്നുവേണം കലോത്സവങ്ങൾ ക്രമീകരിക്കുവാൻ. ഒരുപാട് പേരുടെ കഠിനാദ്ധ്വാനം ഇതിനു പിന്നിലുണ്ട്. സാമ്പത്തിക ചെലവും വലുതാണ്. അങ്ങനെ നോക്കുമ്പോൾ കലോത്സവം അപ്രധാനമോ അതിപ്രധാനമോ? ബുദ്ധിമുട്ടുകൾ ഏറെയുണ്ടെങ്കിലും അവയുടെ പ്രാധാന്യം മനസ്സിലാക്കി എല്ലാവർഷവും കലയുടെ ഉത്സവം നടത്തുന്നത് അഭിനന്ദാർഹമാണ്. സർഗാത്മകതയുടെ മൂല്യം ഒരിക്കലും കുറയുന്നില്ല. ദിനം പ്രതി അത് വളരുന്നു. ഒരുപിടി മികച്ച കലാ പ്രതിഭകളെ സമ്മാനിക്കുവാൻ കലോത്സവങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് ആനന്ദകരമാണ്. രാവും പകലുമില്ലാതെ ജനങ്ങൾ ഒന്നിക്കുന്ന, കലാവിരുന്ന് ആസ്വദിക്കുന്ന നിമിഷങ്ങളാണ് കലോത്സവ ദിനങ്ങൾ.

Item Code: ..............................  Participant Code: 122

# ആവേശത്തിന്റെ കെടാത്ത കനലുകൾ

61-ാമത് യുവജനകലോത്സവം കോഴിക്കോട് നടന്നപ്പോൾ ഒപ്പന മത്സരത്തിൽ, രക്തത്തിൽ കുതിർന്ന കൈകളുമായി വേദിയിൽ നിറഞ്ഞാടിയ പെൺകുട്ടിയുടെ ചിത്രം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. "സ്വപ്നം കാണുക, സ്വപ്നങ്ങൾ ചിന്തയിലേക്ക് നയിക്കും. ചിന്തകൾ പ്രവർത്തികളിലേയ്ക്ക് നയിക്കും" എ.പി.ജെ. അബ്ദുൾ കലാമിന്റെ ഈ വാക്കുകൾ ധ്വനിപ്പിക്കുന്നതുപോലെ ഒത്തിരിയേറെ കൗമാര ഹൃദയങ്ങളുടെ സ്വപ്നമാണ് ഈ ~~സ്വപ്~~ വേദികളിൽ വിസ്മയം സൃഷ്ടിക്കുന്നത്. തോൽവിയിലും മനസ്സു പതറാതെ അടുത്ത വർഷം വീണ്ടും നല്ല രീതിയിൽ മാറ്റുരയ്ക്കാം എന്ന പ്രത്യാശ. ഇതു തന്നെയാണ് കലോത്സവം പഠിപ്പിക്കുന്ന വലിയ പാഠം. ഉള്ളിലെ കനലിനെ ഊതി കത്തിക്കുന്ന അപൂർവ്വ നിമിഷങ്ങൾ...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: ..............................  Participant Code: 122

## കലോത്സവം : അനുഭവങ്ങളുടെ പാഠശാല

ഒത്തിരി പാഠങ്ങൾ പകർന്നു നൽകിയാണ് ഓരോ കലോത്സവവും കടന്നുപോകുന്നത്. ചിലർക്ക് അത് മധുരിക്കുന്ന ഓർമ്മകളിലാണ് എങ്കിൽ മറ്റുചിലർക്ക് കയ്പ്പിന്റെയും വേദനയുടെയും ഓർമ്മകളാണ് സമ്മാനിക്കുന്നത്. ജാതി - മത - വർഗ - വർണ്ണ ലിംഗ - ദേശ വ്യത്യാസമില്ലാതെ എല്ലാ വിദ്യാലയങ്ങളിൽ നിന്നും കൗമാരക്കാർ ഒഴുകിയെത്തുന്നു. "പിന്നോട്ട് മാത്രം മടക്കുവാൻ കഴിയുന്ന കാലുകൾ കൊണ്ട് നാം മുന്നോട്ട് പായണം" കുഞ്ഞുണ്ണി മാഷിന്റെ ഈ വാക്കുകൾ വലിയൊരു ജീവിത ദർശനമാണ് നമുക്ക് പകർന്നുനൽകുന്നത്. പല ദിക്കുകളിൽ നിന്നും ആരോപണങ്ങൾ കലോത്സവങ്ങൾക്ക് എതിരെ തലയുയർത്തുമ്പോഴും അത് കുട്ടികളുടെ സർഗാത്മകതയെ ബാധിക്കുന്നില്ല. അവർ ഉയരുകയാണ് സർഗാത്മകതയുടെ ചിറകിലേറി വിഹായസ്സിലേക്ക്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നല്ലൊരു നാളേയ്ക്കായി

പണം കൊണ്ട് മാത്രം ഒരിക്കലും ഒരു വ്യക്തി ഉന്നതനാകുന്നില്ല. അതിന് അവനിലെ കഴിവിനെ അതിന്റെ ഉത്തുംഗ ശൃംഗത്തിൽ എത്തിക്കേണ്ടതുണ്ട്. പഠനമുറികളിൽ പുറത്തേയ്ക്ക് ഇറങ്ങി കലയുടെ ഉത്സവം ആഘോഷമാക്കി മാറ്റണം. ഗ്രേസ് മാർക്കുകൾ നേടാൻ മാത്രമുള്ള വിലയില്ലാത്ത വേദിയായി അതിനെ കണക്കാക്കരുത്. കലോത്സവങ്ങൾ മുന്നോട്ടുള്ള സർഗാത്മക ജീവിതത്തിന്റെ താക്കോലാണ്. ഇതിലൂടെ വളർന്ന് ഉയരങ്ങൾ കീഴടക്കണം. ഒരു നവ കലാ സമൂഹം നമ്മുടെ നാട്ടിൽ രൂപപ്പെടണം. 95.2%-മാണ് കേരളത്തിന്റെ ഇപ്പോഴത്തെ സാക്ഷരത നിരക്ക്. അതോടൊപ്പം തന്നെ 67 വർഷങ്ങൾ പിന്നിട്ട കൊച്ചുകേരളം സ്കൂൾ കലോത്സവങ്ങളിലൂടെ യുവജനങ്ങളെ പാഠേതര പ്രവർത്തനങ്ങളിലും ഒന്നാമത് എത്തിക്കുന്നു എന്നുള്ളത് അഭിമാനം തന്നെ.

കലോത്സവം പുതുദിശയിലേക്ക്

കൊല്ലം ആശ്രമ മൈതാനിയിൽ നടന്ന കലോത്സവ ഉദ്ഘാടന ചടങ്ങിൽ അടുത്ത വർഷം മുതൽ ഗോത്രകലകളും ഉൾച്ചേർക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞത് സന്തോഷം നൽകുന്ന കാര്യങ്ങളാണ്. മൺമറഞ്ഞുപോകുന്ന പഴമയെ പുതുതലമുറക്കാർ ആവേശത്തോടെ അവതരിപ്പിക്കുമ്പോൾ അത് കണ്ണിന് കുളിർമയും കാതുകൾക്ക് ഇമ്പവും പകരുന്നു. പരിചമുട്ട്, മാർഗ്ഗംകളി, ദഫ്മുട്ട്, ചവിട്ടുനാടകം, ഒപ്പന, തിരുവാതിര തുടങ്ങിയ കലാമത്സരങ്ങൾ നടത്തുന്നത് ആ കലാരൂപങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും കാരണമാകും. പരിശീലന സമയത്ത് ലഭിക്കുന്ന അനുഭവങ്ങളും ഓർമ്മകളും ഒക്കെത്തന്നെയും വിദ്യാർത്ഥികളുടെ മനസ്സിൽ നിറയുന്നു. മാസങ്ങൾ നീണ്ട കഠിനപരിശീലനത്തിന്റെ ഫലമാണ് കലാമാമാങ്കത്തിൽ ദർശിക്കുന്നത്.

# അറിവിന്റെയും നിറവിന്റെയും സംഗമ വേദി

തീവ്രമായ പരിശീലന കാലഘട്ടത്തിനുശേഷം മണിക്കൂറുകൾ ചമയം മുഖത്ത് പൂശി കാത്തുനിന്ന് വേദിയിൽ നിറഞ്ഞാടുമ്പോൾ ഏതൊരു വിദ്യാർത്ഥിയുടെയും ഉള്ളിലെ സർഗ്ഗാത്മകത ചുഞ്ചിരിക്കുന്നുണ്ടാകും. കാലം മാറുമ്പോൾ കോലം മാറുന്ന, മാനവിക ചിന്താഗതികൾ മാറുന്ന ആധുനിക സമൂഹത്തിൽ വിദ്യാഭ്യാസ മേഖലയിലെ മാറ്റമില്ലാത്ത ഒന്നായി കലോത്സവങ്ങൾ മാറട്ടെ. കൽക്കരിക്കട്ടയാകുന്ന വ്യക്തിത്വങ്ങളെ ഉടച്ചുവാർത്ത് വൈഡൂര്യങ്ങളാക്കി മാറ്റുന്ന അത്ഭുത പ്രക്രിയയാണ് കലോത്സവങ്ങളിൽ നാം കാണുന്നത്. തന്റെ ഏറ്റവും മികച്ചതിനെ കാഴ്ചവയ്ക്കണം എന്ന ആഗ്രഹത്തോടെയാണ് കലോത്സവ നഗരിയിലേയ്ക്ക് ഓരോ കുട്ടിയും ചുവടുവയ്ക്കുന്നത്. അത് അവർ പോലും അറിയാതെ അവരുടെ ഉന്നമനത്തിന്റെ ചുവടുവയ്പായി മാറുന്നു.

## ഉപസംഹാരം

കലയ്ക്ക് മരണമില്ല. അതുകൊണ്ട് തന്നെ കലാകാരന്മാർക്കും. ഒറ്റക്കെട്ടായി, ഒരുമനമോടെ സംഘമത്സരങ്ങൾക്ക് കടന്നുവരുന്ന ഏതൊരു വിദ്യാർത്ഥിക്കും അവരുടെ ഐക്യത്തിന്റെയും പങ്കുവയ്ക്കലിന്റെയും കഥ പറയുവാനുണ്ട്. തങ്ങളുടെ സർഗാത്മകതയെ പുതിയ വഴിത്താരയിലേയ്ക്ക് കൈപിടിച്ച് നടത്തിയ കലോത്സവ ഓർമ്മകൾ അത്ര വേഗം ആരും മറക്കില്ല. "ഈ ലോകത്ത് ~~എക്ക~~ എന്തെങ്കിലും മാറ്റങ്ങൾ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളിൽ നിന്ന് തന്നെ ആരംഭിക്കുക." മഹാത്മഗാന്ധിയുടെ ഈ വാക്കുകൾ മനസ്സിൽ കോറിയിട്ട് കലോത്സവങ്ങളിലൂടെ സർഗ്ഗാത്മകതയുടെ കാണാപ്പുറങ്ങളിലേയ്ക്ക് നമുക്ക് സഞ്ചരിക്കാം. സർഗാത്മകതയെ ഉണർത്താം... അതുവഴി ഉയരാം...

'യഥോധർമ്മ സ്ഥതോജയ'